(ബി) മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾക്കായി വയനാട് ജില്ലയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.*

കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

148 (5038) ശ്രീ. കെ.ബി. ഗണേഷ് കുമാർ:
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി ഉൾപ്പെടെ വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ശുദ്ധജല വിതരണ രംഗത്ത് ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

നബാർഡിന്റെ ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ (സ്പാൻ) സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി പദ്ധതി ഘടകങ്ങൾ യുക്തമായ രീതിയിൽ പാക്കേജുകളാക്കി, 1.5 കോടിയിൽ കൂടുതൽ അടങ്കൽ തുകയുള്ളവ ടെണ്ടർ ചെയ്യുന്നതിന് ഇ-ടെണ്ടർ സംവിധാനം സ്വീകരിച്ചു. ടെണ്ടറുകൾ വേഗം തീർപ്പാക്കുന്നതിന് അതോറിറ്റി മേഖലാ ചീഫ് എഞ്ചിനീയർ തലത്തിലും ഹെഡ് ഓഫീസ് തലത്തിലും ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കുകയും സർക്കാർ തലത്തിൽ എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസവും വകുപ്പുതലത്തിൽ പദ്ധതി പുരോഗതി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നബാർഡ് (സ്പാൻ) പദ്ധതികളിൽ നടപ്പിലാക്കിയതുപോലെയുള്ള ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കാര്യത്തിൽ ചീഫ് എഞ്ചിനീയർമാർ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, ബോർഡ് എന്നിവ കൂടാതെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ തലത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പുമന്ത്രി തലവനായിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി ചെയർമാനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ നിലവിലുണ്ട്. ജില്ലാ-തലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(ബി) ശുദ്ധജല വിതരണ രംഗത്ത് ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കുട്ടനാട് താലൂക്കിലെ സമഗ്ര ശുദ്ധജല പദ്ധതിക്ക് ജപ്പാൻ ധനസഹായം

149 (5039) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി:
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിലെ സമഗ്ര ശുദ്ധജല പദ്ധതിക്ക് ജപ്പാൻ ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് ഇതിനായി വിഭാവനം ചെയ്തിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് ജപ്പാൻ ധനസഹായമായി ലഭ്യമാക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തൊക്കെ പ്രവർത്തനങ്ങൾ ഈ വർഷം നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിനായി എന്തു തുക ഈ വർഷം ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് താലൂക്കിലെ സമഗ്ര ശുദ്ധജല പദ്ധതിക്കുവേണ്ടിയുള്ള ഒരു പദ്ധതി നിർദ്ദേശം ജപ്പാൻ ധനസഹായത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. എന്നാൽ വിദേശ സഹായം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കാത്തതിനാൽ ഇതു സംബന്ധിച്ചുള്ള തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ബി - ഇ) 316.70 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിക്ക് അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly